DESPATCHED
On 02/06/2020

7/05/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ AP.No.2472(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

File No.15636/SIC-Gen5/2015

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. കിരൺ ബാബു,
ബാപ്പയിൽ,
പി.ഒ. എരഞ്ഞിക്കൽ, വഴി ഏലത്തൂർ,
കോഴിക്കോട് – 673 303.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഉത്തരമേഖലാ പോലീസ് അഡീഷണൽ
ഡയറക്ടർ ജനറലുടെ കാര്യാലയം,
കോഴിക്കോട്.

2. അപ്പീൽ അധികാരി &
അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്,
ഉത്തരമേഖലാ പോലീസ് അഡീഷണൽ
ഡയറക്ടർ ജനറലുടെ കാര്യാലയം,
കോഴിക്കോട്.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09/07/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17/07/2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 20/08/2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 11/09/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 01/10/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 03/10/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27/10/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 07/11/2015 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കിരൺ ബാബു, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, 48 മണിക്കൂറിനുള്ളിൽ വിവരം നൽകണമെന്ന് ആവശ്യപ്പെട്ടു അപേക്ഷ നൽകിയെങ്കിലും അപൂർണ്ണമായ മറുപടിയാണ് ടിയാന് നൽകിയത് എന്നും അപ്രകാരം തന്നെ ടിയാന് നൽകിയ വിവരങ്ങളും രേഖകളും തെറ്റാണെന്നും ഇക്കാര്യത്തിൽ നഷ്ടപരിഹാരമായി ടിയാന് 1,09405/- രൂപ നൽകണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്

i. 30.1.2015 തീയതി 42/15 നമ്പറിലുള്ള മുഖ്യമന്ത്രിയുടെ സുതാര്യ കേരളം പരിപാടിയിൽ ഉൾപ്പെടുത്തി അയച്ച പരാതി എ.ഡി.ജി.പി. നോർത്ത് സോൺ ഓഫീസിൽ ലഭിച്ച തീയതിയും സ്വീകരിച്ച വ്യക്തികളുടെ പേരും, വിലാസവും, ഔദ്യോഗിക പദവിയും, ഇൻവേർഡ് രജിസ്റ്ററിന്റെ നമ്പറും നൽകണമെന്നും ആയതിന്റെ പകർപ്പ് നൽകണമെന്നും

ii. മേൽ പരാതിയിന്മേൽ സ്വീകരിച്ച നടപടി ക്രമങ്ങളുടെ മുഴുവൻ വിവരങ്ങളും പകർപ്പും നൽകണമെന്നും

iii. മേൽ പരാതി അനുസരിച്ച് ഏതെല്ലാം സ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും വ്യക്തികളുടെയും പേരിൽ കേസ് എടുത്തു എന്നും കേസ് എടുത്ത സ്ഥാപനങ്ങളുടെ പേരുവിവരങ്ങളും അതിന്മേൽ എടുത്ത നടപടിക്രമങ്ങളുടെയും പകർപ്പ് നൽകണമെന്നും കേസ് എടുത്തിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കണമെന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, 48 മണിക്കൂറിനകം മറുപടി നൽകണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചുവെങ്കിലും മേൽപ്പടി സമയപരിധിക്കുള്ളിൽ മറുപടി നൽകിയില്ല എന്നും നൽകിയിരിക്കുന്ന രേഖകൾ പൂർണ്ണമായും തെറ്റാണെന്നും ആയതിനാൽ ടിയാന് നഷ്ടപരിഹാരം നൽകണമെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷ വിവരാവകാശ നിയമപ്രകാരം 48 മണിക്കൂറിനുള്ളിൽ മറുപടി നൽകേണ്ടതായിരുന്നില്ല എന്നും കൂടാതെ ഹർജിക്കാരന്റെ അപേക്ഷ ഒന്നാം എതിർകക്ഷി ഓഫീസിൽ ലഭിച്ചത് 13.7.2015 തീയതിയാണെന്നും ആയതിന്മേലുള്ള മറുപടി 17.7.2015 തീയതി തപാൽ മുഖേന അയച്ചു നൽകിയിരുന്നു എന്നും ഓഫീസിൽ ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് നൽകിയിരുന്നു എന്നും ബന്ധപ്പെട്ട ഫയൽ പരിശോധിക്കുന്നതിനുള്ള അനുമതി ഹർജിക്കാരന് നൽകിയിരുന്നു എന്നും ആയതുപ്രകാരം ഹർജിക്കാരൻ ഫയൽ പരിശോധിച്ചിട്ടുള്ളതാണെന്നും മറ്റുമാണ്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ 48 മണിക്കൂറിനുള്ളിൽ മറുപടി നൽകേണ്ട ഗണത്തിൽപ്പെടുന്നതായിരുന്നില്ല എന്നും വ്യക്തമായ വിവരങ്ങളാണ് ഹർജിക്കാരന് നൽകിയിരുന്നത് എന്നും ബന്ധപ്പെട്ട ഫയലുകൾ പരിശോധിക്കുന്നതിന് ഹർജിക്കാരന് അവസരം നൽകിയിരുന്നു എന്നും ആയതുപ്രകാരം ഹർജിക്കാരൻ ഫയലുകൾ പരിശോധിച്ചു എന്നും ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾ ടിയാന് നൽകി എന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ 48 മണിക്കൂറിനകം

മറുപടി നൽകേണ്ട വിഭാഗത്തിൽപ്പെട്ടതായിരുന്നില്ല എന്നു കാണുന്നു. എന്നിരുന്നാലും 48 മണിക്കൂറിനുള്ളിൽ വിവരം നൽകണമെന്ന് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നതിനാൽ 48 മണിക്കൂറിനകം ഹർജിക്കാരന് മേൽക്കാര്യം ചൂണ്ടിക്കാട്ടി മറുപടി നൽകേണ്ടതായിരുന്നു. ഇക്കാര്യത്തിൽ ഒന്നാം എതിർകക്ഷി വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന് നൽകിയിരുന്നതായും ബന്ധപ്പെട്ട ഫയലുകൾ പരിശോധിക്കുന്നതിനുള്ള അവസരം ടിയാന് നൽകിയിരുന്നതായും കാണുന്നു. ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച ശേഷം ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ നൽകിയിട്ടുള്ളതായും കാണുന്നു.

6. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മേയ് 7-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
വിൻസൻ എം പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us